ത്തിനും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യ ഉൽപ്പാദനം ഇല്ലാത്ത സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യം നൽകുകയെന്നുള്ളത് 1964-ൽ പണ്ഡിറ്റ് നെഹ്റു നൽകിയ ഉറപ്പുപോലെ നിങ്ങൾ ഉറപ്പു നൽകണം. അത് പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. എത്രത്തോളം പരിശോധിക്കുമെന്ന് അറിയില്ല. ഒരു വെല്ലുവിളിയെ നേരിടുകയാണ്. ഒരു ആൾട്ടർനേറ്റീവിനെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എ. കണാരൻ</u> : ഈ പൊതു വിതരണം ഒരു വെല്ലുവിളിയാണെന്ന് അങ്ങ് പറയുകയുണ്ടായി. സബ്സിഡി നിർത്തലാക്കുന്നു. അല്ലെങ്കിൽ സബ്സിഡി തീരെ എടുത്തുകളയുന്നു. ഇത്തരം ഒരു സ്ഥിതിവിശേഷത്തെപ്പറ്റി ഈ സംസ്ഥാന നിയമസഭയുടെ ഏകകണ്ഠമായ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ ഒരു പ്രതിനിധി സംഘത്തെ അയയ്ക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ</u> : ഇക്കാര്യത്തിനുവേണ്ടി നമുക്ക് ഒന്നിച്ചുപോകുന്നതിൽ സന്തോഷമേയുള്ളൂ.

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(2) തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, കേരളത്തിലെ കാർഷിക സമ്പദ് വ്യവസ്ഥ പാടെ തകരുന്ന അതീവഗുരുതരമായ ഒരു അവസ്ഥയിലേയ്ക്കാണ് എനിക്ക് സർക്കാരിന്റെയും, സഭയുടെയും ശ്രദ്ധ ക്ഷണിക്കാനുള്ളത്. ഇതു നമ്മുടെ മാധ്യമങ്ങളിലെല്ലാം ചർച്ച ചെയ്യപ്പെടുന്നതും, കേരളത്തിലെ ബഹുഭൂരിപക്ഷം കൃഷിക്കാരും ആശങ്കയോടുകൂടി കാണുകയും ചെയ്യുന്ന ഒന്നാണ് തെങ്ങുകളെ ബാധിച്ചിരിക്കുന്ന മണ്ഡരി രോഗം. ഇത് കേരളത്തിൽ വയനാട് ഒഴിച്ച് ബാക്കിയുള്ള എല്ലാ ജില്ലകളിലും ബാധിച്ചിരിക്കുന്നു എന്നാണ് ബന്ധപ്പെട്ട ആളുകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞ പത്തു മാസം മുൻപാണ് ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടത്, ഉടനെതന്നെ നടപടി സ്വീകരിച്ചു എന്ന്. അദ്ദേഹം പഴയ കാര്യങ്ങൾ മറന്നുകൊണ്ട് സംസാരിക്കുന്നോ, അതോ ബോധപൂർവ്വം കാര്യങ്ങളിൽ നിന്ന് ഓടി ഒളിക്കുന്നോ. 1998 മാർച്ചിൽ ആദ്യമായിട്ട് ഈ സഭയിൽ മണ്ഡരി രോഗബാധയെക്കുറിച്ച് പറഞ്ഞ ആള് ഞാനാണ്. എന്റെ നിയോജക മണ്ഡലത്തിലെ മുളംതുരുത്തി ബ്ലോക്കിൽ മണ്ഡരി രോഗം ബാധിച്ചതിനെത്തുടർന്നുണ്ടായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് ഞാൻ ഇവിടെ പറഞ്ഞു. മന്ത്രിയുടെ കൂടി നിർദ്ദേശപ്രകാരം അവിടെ ഒരു കോൺഫറൻസ് നടന്നു. ആ കോൺഫറൻസ് നടന്നത് 6-4-1998-നാണ്. അതിൽ കാർഷിക സർവ്വകലാശാലകളിലെ ശാസ്ത്രജ്ഞൻമാരും മറ്റു ഉദ്യോഗസ്ഥൻമാരും പങ്കെടുത്തു. അന്ന് അവർ പറഞ്ഞത് ഇത് വായുവിൽ കൂടിയാണ് സ്പ്രെഡ് ചെയ്യുന്നത് ഇതിന് എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചില്ലെങ്കിൽ വളരെ പെട്ടെന്ന് ഇത് കേരളം മുഴുവൻ വ്യാപിക്കുമെന്ന്. ഇന്ന് ഈ വിഷയം ഇവിടെ സംസാരിക്കുമ്പോഴും കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഇതിനെക്കുറിച്ച് മന്ത്രി നടത്തിയിരുന്ന പ്രസ്താവനകൾ വായിക്കുമ്പോഴും എന്തെങ്കിലും ഗൗരവം ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ടോ? അത് ഈ സഭയിൽ വെളിപ്പെടുത്തണം. ഇപ്പോൾ സംസ്ഥാനത്തെ രണ്ടേകാൽ കോടി തെങ്ങുകളെ ഈ രോഗം ബാധിച്ചിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

രോഗമുണ്ടാക്കുന്ന കീടത്തെ തിരിച്ചറിഞ്ഞു എങ്കിലും അതിനെ നേരിടാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പ്ലേഗ് പോലെ വളരെ വേഗത്തിലാണ് ഇത് പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നത്. മണ്ഡരിബാധ ഈ കണക്കിന് വ്യാപിക്കുകയാണെങ്കിൽ രണ്ടു വർഷം കൊണ്ട് കേരം ഇല്ലാത്ത കേരളമായിരിക്കും നാം കാണേണ്ടി വരിക. ആ കേര ളത്തിലായിരിക്കും നമ്മൾ ജീവിക്കേണ്ടി വരിക. മണ്ഡരിരോഗബാധമൂലം കേരളത്തിൽ ഒരു വർഷം 150 കോടി നാളികേരത്തിന്റെ ഉൽപ്പാദന നഷ്ടം ഉണ്ടാകുന്നതായിട്ടാണ് കർഷക സംഘടനകളുടെ കണക്കിൽ പറയുന്നത്. നമ്മുടെ സംസ്ഥാനത്തെ കായ്ഫലമുള്ള 15 കോടി തെങ്ങുകളിൽനിന്ന് പ്രതി വർഷം ശരാശരി 550 കോടി തേങ്ങയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. മണ്ഡരി രോഗം വന്നതിനെത്തുടർന്ന് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 400 കോടി നാളികേരം മാത്രമേ ലഭിക്കുന്നുള്ളൂ. അതുപോലെ തന്നെ പ്രതിദിനം ശരാശരി 300 കിന്റൽ വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചിരുന്ന മില്ലുകളിൽ ഇന്ന് അത് 120 കിന്റ ലായി കുറഞ്ഞിരിക്കുകയാണ്. ആവറേജ് പറഞ്ഞാൽ 10 ലോഡ് കൊപ്ര ഇറ ക്കിയിരുന്ന ഒരു വ്യാപാരിക്ക് ശരാശരി 2 ലോഡ് കൊപ്ര മാത്രമാണ് ലഭിക്കു ന്നത്. ആ സാഹചര്യം നിൽക്കുമ്പോഴാണ് ബഹുമാനപ്പെട്ട മന്ത്രി ഔദ്യോഗിക മായി പബ്ലിക് റിലേഷൻസ് വകുപ്പുവഴി പുറത്തിറക്കിയിരിക്കുന്ന ഒരു ലഘു ലേഖ "ഊർജ്ജസ്വലം മാതൃകാപരം". മന്ത്രി ചിരിച്ചുകൊണ്ടിരിക്കുന്ന ഒരു പട വുമുണ്ട്. ഇതിന്റെ 9-ാംമത്തെ പേജിൽ അദ്ദേഹം നാളികേരത്തിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിച്ചതിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ ഉൽപ്പദനം കുറഞ്ഞു. മന്ത്രിയുടെ സ്റ്റേറ്റ്മെന്റ് വേറെ പത്രത്തിലുണ്ട്, ഞാൻ വേണമെങ്കിൽ വായിച്ചു കേൾപ്പിക്കാം. ഉൽപ്പാദനം കുറഞ്ഞു എന്നുപറയുമ്പോൾ സർക്കാരിന്റെ ഒരു ഔദ്യോഗിക രേഖയിൽ ഉൽപ്പാദനം വർദ്ധിച്ചു എന്ന് മന്ത്രി തന്നെ പറഞ്ഞിരി ക്കുകയാണ്. ഈ പൊരുത്തക്കേട് എങ്ങനെയുണ്ടായി? ഇത് ഔദ്യോഗികമാ യിട്ട് പി.ആർ.ഡി. പുറത്തിറക്കിയിരിക്കുന്നതാണ്. അതുപോലെതന്നെ മണ്ഡരി കീട വ്യാപ്തിയെ സംബന്ധിച്ചും ഇതിന്റെ ദുരന്ത സാദ്ധ്യതകളെക്കു റിച്ചും ഇപ്പോഴും സർക്കാർ ആശയക്കുഴപ്പത്തിലാണ്. രോഗബാധയുടെ വ്യാപ്തി പെരുപ്പിച്ചു കാണിക്കാൻ ആരൊക്കെയോ ശ്രമിക്കുന്നു എന്നാണ് കൃഷി വകുപ്പുമന്ത്രിയുടെ പരാതി. എന്നാൽ പ്രതിരോധ മാർഗ്ഗങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിൽ പരാജയം സംഭവിച്ചത് മറച്ചുവയ്ക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ ശ്രമം ഉണ്ടാകുന്നുണ്ട് എന്ന് ഞങ്ങളല്ല പറയുന്നത്, കാർഷിക സർവ്വകാലാശാലയിലെ വിദഗ്ദ്ധൻമാരാണ് പറഞ്ഞരിക്കുന്നത്. അവരുടെ സ്റ്റേറ്റ്മെന്റ് ഉണ്ട്. ഇത് മുഴുവൻ മന്ത്രിയുടെ സ്റ്റേറ്റ്മെന്റാണ്, ഈ പേപ്പറിൽ കെട്ടി വച്ചിരിക്കുന്നത്. (സ്റ്റേറ്റ്മെന്റ് ഉയർത്തി കാണിച്ചു) സമയം ഉണ്ടെങ്കിൽ വായിച്ചു കേൾപ്പിക്കാം, റിവേഴ്സ്ഡ് സ്റ്റേറ്റ്മെന്റാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ, അതിന്റെ ഒരു കെട്ടാ ണിത്. ഞാൻ വേണമെങ്കിൽ മന്ത്രിക്ക് തരാം. അല്ലെങ്കിൽ മുഖ്യമന്ത്രിക്ക് തരാം വായിച്ചു നോക്കുക. ഇത് കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധൻമാ രാണ് പറയുന്നത്. ഈ അഭിപ്രായ ഭിന്നതകൾക്കിടയിൽ മണ്ഡരി ബാധയുടെ യഥാർത്ഥ വ്യാപ്തിയെക്കുറിച്ചുള്ള ആശയക്കുഴപ്പം ഇപ്പോഴും തുടരുകയണ്. മണ്ഡരി രോഗബാധയെ സംബന്ധിച്ച് സർക്കാർ നിലപാടും നടപടികളും പര സ്പര വിരുദ്ധമാണ്. ബോംബെ എണ്ണ ലോബി പെരുപ്പിച്ചു കാണിക്കുന്ന താണ് മണ്ഡരി രോഗബാധയെന്ന് കൃഷിവകുപ്പുമന്ത്രി പ്രസ്താവിച്ചു, ശരി യാണോ? അങ്ങ് പറഞ്ഞത് പത്രത്തിൽ വന്നത് 27-11-1999-ലാണ്. സകല പത്രങ്ങളും റിപ്പോർട്ടു ചെയ്തു, പത്രസമ്മേളനത്തിൽ അങ്ങ് പറഞ്ഞതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതേ ശ്വാസത്തിൽ തന്നെ ഈ രോഗബാധ ദേശീയ ദുരന്തമായി കണക്കാക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. അത് 24-11-1999-ലെ പത്രത്തിൽ അച്ചടിച്ചു വന്നിട്ടുണ്ട്. ഇതിൽ ഏതാണ് ശരി? അതൊന്നു പറയണം, ഈ ഔദ്യോഗിക രേഖയാണോ ശരി, ആദ്യത്തെ പ്രസ്താവനയാണോ അതോ രണ്ടാമത്തെ 'പ്രസ്താവനയാണോ ശരി? കേരളത്തിലെ ജനങ്ങൾക്ക് അത് അറിയണ്ടേ? നമ്മുടെ സഭയ്ക്ക് അറിയണമല്ലോ? ബ്രസീലിനെ ഉദാഹരണമായി ചൂണ്ടിക്കാട്ടി മണ്ഡരി രോഗബാധ താനേ ഒഴിഞ്ഞുപോകുമെന്ന് പ്രചരിപ്പിക്കുന്ന ഒരു ഭാഗം ആളുകളും സർക്കാരിന്റെ കൂട്ടത്തിലുണ്ട്. ഈ രോഗബാധ തടയുന്നതിന് 195 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും, 100 കോടി രൂപകേന്ദ്ര സഹായം ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് എങ്ങനെയാണ് പൊരുത്തപ്പെടുക? താനേ ഒഴിഞ്ഞുപോകുമെന്ന് ഔദ്യോഗികം, 195 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ടെന്ന് വേറൊരു ഭാഷ്യം. എല്ലാം ഒഫിഷ്യലാണ് ഇതിൽ ഏതാ ശരി, മന്ത്രി ഒന്നു പറയുക. 'ഊർജ്ജസ്വലം മാതൃകാപരം' എന്ന ഈ ലേഖനത്തിൽ കാർഷിക മേഖലയുടെ നേട്ടങ്ങളാണ്. അദ്ദേഹം എഴുതിയിരിക്കുന്നതിൽ 12-ാംമത്തെ പേജിൽ ഇതുപ്പോലെതന്നെ തെങ്ങുകളെ ബാധിക്കുന്ന മണ്ഡരി കീടത്തിന്റെ ആക്രമണവും യഥാസമയം നിയന്ത്രിക്കുവാൻ കഴിഞ്ഞു എന്നാണ്. നിയന്ത്രിച്ചോ? മുഖ്യമന്ത്രി, അങ്ങയുടെ പടമാണ് വച്ചിരിക്കുന്നത് എങ്കിലും ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ എഴുതിതന്നത്. ഇതിനകത്തും അച്ചടിച്ചിട്ടുണ്ട്. ഇത് നിയന്ത്രിച്ചു കഴിഞ്ഞു എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് സർക്കാരിന്റെ ഓദ്യോഗിക രേഖയാണ്. പി.ആർ.ഡി പബ്ലിക്കേഷൻ. ഇതിൽ മണ്ഡരി ഇല്ല എന്നാണ് പറയുന്നത്. മണ്ഡരിയെ കേരളത്തിൽ നിരോധിച്ചിരിക്കുന്നു എന്ന് മന്ത്രി എവിടെയോ പ്രസംഗിച്ചു എന്നാണ് പറഞ്ഞത്. അദ്ദേഹം നിരോധിച്ചപ്പോൾ മണ്ഡരി പോയി, കീടങ്ങളൊക്കെ ബ്രസീലിലേക്ക് തന്നെ പറന്നുപോയി. മന്ത്രി പറഞ്ഞ വേറൊരു വൈരുദ്ധ്യം, അദ്ദേഹം ഇതിലെ വസ്തുകൾ മനസിലാക്കാതെ പറഞ്ഞതോ, ബോധപൂർവ്വം മറച്ചുവച്ചതോ എന്ന് എനിക്കറിയില്ല. ആദ്യം അങ്ങ് പറഞ്ഞു മൂന്നു രൂപാ വീതം ഒരു തെങ്ങിന് മണ്ഡരി കീടനാശിനി തളിക്കാൻ സർക്കാർ കൊടുക്കും. മൂന്ന് രൂപ ഒരു ലോക്കൽ പഞ്ചായത്തുകൾ കൊടുക്കട്ടെ. പിന്നെ മന്ത്രി പറഞ്ഞു ആറു രൂപ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റ് കൊടുക്കും. മൂന്ന് രൂപ പഞ്ചായത്ത് ഡിപ്പാർട്ടുമെന്റ് കൊടുക്കും എന്ന്. ഇതിനായിട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഒരു തെങ്ങിൽ കയറാൻ ആവറേജ് പത്തു രൂപയെങ്കിലും വേണമെന്നാണ് ഇപ്പോഴത്തെ പൊതുവായ ഒരു കണക്ക്. ഇക്കാര്യം ഈ തുകകൊണ്ടു നടക്കുമോ? നടക്കുകയില്ല. കൃഷിക്കാർ സംഘടിതമായി ഇത് കൂട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ കൃഷിക്കാർ ആവശ്യപ്പെട്ടിരിക്കുന്ന ഒരു സംഗതി ഈ രോഗം നിയന്ത്രിക്കുന്നതുവരെ കേരകൃഷിക്കാർക്ക് തെങ്ങിൽ നിന്നുള്ള ആദായത്തിന് തുല്യമായ ഒരു തുക സഹായമായി നൽകണം, ഒരു വർഷത്തേക്ക് ഒരു തെങ്ങിന് 300 രൂപയിൽ കുറയാത്ത ഒരു തുകയെങ്കിലും നൽകണം. ഇത് കേരളത്തിലെ കാർഷിക മേഖലയുടെ ആവശ്യമാണ്. വേറൊരു കാര്യം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ എം.പി.മാരുടെ കോൺഫറൻസിൽ മുഖ്യമന്ത്രി തന്നെ എം.പി.മാർക്ക് കൊടുത്തിരിക്കുന്ന കടലാസ്. അല്ലെങ്കിൽ കൃഷി ഡിപ്പാർട്ടുമെന്റിൽനിന്ന് കിട്ടിയ കടലാസ് അതിനകത്ത് പറഞ്ഞിരിക്കുകയാണ് 500 ലക്ഷം തെങ്ങുകളെ ഇത് ബാധിച്ചിട്ടുണ്ട്, ഇതിന് വേണ്ട നടപടികളൊക്കെ സ്വീകരിച്ചു വരികയാണ്, നിങ്ങളുടെ എല്ലാവ

LIBRARY ARCHIVES Kerala Legislative Assembly

രുടെയും സഹകരണം വേണം, 100 കോടി രൂപ വേണം എന്നൊക്കെ. ഇതിന്റെ കുറേ ഡീറ്റെയിൽസും കൊടുത്തിട്ടുണ്ട്. ഞാൻ വായിച്ചു സമയം കളയുന്നില്ല.

[11 AM] അതിനെക്കുറിച്ച് കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ കേന്ദ്ര കൃഷിമന്ത്രി ഒരു സ്റ്റേറ്റ്മെന്റ് നടത്തി, സംസ്ഥാന ഗവൺമെന്റിന്റെ യാതൊരു അറിയിപ്പും കിട്ടിയിട്ടില്ല എന്ന്. ഉടനെ കൃഷിവകുപ്പു മന്ത്രി ഇവിടെ ഒരു സ്റ്റേറ്റ്മെന്റ് നടത്തി. അത് ശരിയല്ല മുഖ്യമന്ത്രി നേരത്തെ ഒരു കത്ത് എഴുതിയിരുന്നു എന്ന്. വീണ്ടും നമ്മുടെ എം.പി.മാർ കക്ഷി വ്യത്യാസം കൂടാതെ ഒറ്റക്കെട്ടായി സഭയിൽ പറഞ്ഞു ഞങ്ങളുടെ മന്ത്രി ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്ന്. അപ്പോൾ കേന്ദ്ര മന്ത്രി വീണ്ടും പറഞ്ഞു ഞങ്ങൾക്ക് അങ്ങനെ ഒരു കത്ത് കിട്ടിയിട്ടില്ല എന്ന്. ഏതാണ് ശരി യെന്ന് നമുക്ക് അറിഞ്ഞുകൂടാ. ഈ മന്ത്രി പറഞ്ഞതാണോ സത്യവിരുദ്ധം കേന്ദ്ര മന്ത്രി പറഞ്ഞതാണോ സത്യവിരുദ്ധം എന്ന് അറിഞ്ഞുകൂടാ. എന്താ ണെങ്കിലും മുഖ്യമന്ത്രി അറിയാൻവേണ്ടി വേറൊരു കാര്യം പറയട്ടെ. മൂന്നാം തീയതി പാർലമെന്റിൽ കേന്ദ്ര കൃഷിമന്ത്രി ശ്രീ. നിധീഷ്കുമാർ നടത്തിയ ഒരു സ്റ്റേറ്റ്മെന്റ് ഉണ്ട്. അദ്ദേഹം പറഞ്ഞു, രണ്ടാം തീയതി ഫാക്സ് സന്ദേശം കിട്ടി യിട്ടുണ്ട് എന്ന് മൂന്നാം തീയതിയാണ് പറയുന്നത്. അതുവരെയും ഈ കാര്യ ങ്ങളെക്കുറിച്ച് യാതൊരു അറിവും ഞങ്ങൾക്ക് കിട്ടിയിട്ടില്ല. കത്ത് എഴുതിയി രുന്നു എന്ന് ആ ഫാക്സ് സന്ദേശത്തിൽ പറഞ്ഞിട്ടുണ്ട് എന്ന് പറഞ്ഞു. ശ്രീ. എ.സി. ജോസ് എം.പി.യും ഈ കാര്യം ഒന്നുകൂടി വെരിഫൈ ചെയ്തു. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അങ്ങ് ശ്രദ്ധിക്കണം. കൃഷിവകുപ്പുമന്ത്രി എട്ടാം തീയതി അവിടെ ചെന്ന് കേന്ദ്രമന്ത്രിയെ കണ്ടു. എന്നിട്ട് ഏഷ്യാനെറ്റു കാരെ വിളിച്ച് ഒരു ഇന്റർവ്യൂ നടത്തി. ആ ഇന്റർവ്യൂവിൽ അദ്ദേഹം പറഞ്ഞു. 100 കോടി രൂപ അനുവദിക്കാൻ കേന്ദ്രം സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതി നുശേഷമാണ് എം.പി.മാരെ വിളിച്ചു കൂട്ടി ഇക്കാര്യം അറിയിച്ചത്. ഞാൻ ചോദിക്കട്ടെ ഈ വണ്ടിക്കു പുറകെ കാളയെ കെട്ടാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനെക്കൊണ്ടല്ലാതെ മറ്റാരെക്കൊണ്ടെങ്കിലും കഴിയുമോ? എം.പി.മാരെക്കൂടി വിളിച്ച് അവരുമായി സംസാരിച്ച് അവരേയും കൂട്ടി വേണ്ടേ പോകാൻ, ശ്രീ. പി.ജെ. ജോസഫ് ഇതിനിടയിൽ കേന്ദ്രമന്ത്രിയെ കാണാൻ പോയി, അദ്ദേഹം എം.പി.മാരെയെല്ലാം കൂട്ടിക്കൊണ്ടാണ് പോയത്. ശ്രീ. രാജ ഗോപാലും കൂടിയുണ്ടായിരുന്നു. ചെയ്യേണ്ടത് എന്താണ്? പ്രശ്നപരിഹാരത്തി നുവേണ്ടി നമ്മുടെ സ്റ്റേറ്റിലെ എം.പി.മാരെല്ലാം ഒറ്റക്കെട്ടായി നില്ക്കുകയാണ്. അവിടെ പോയി മന്ത്രിയെ കണ്ടു, മന്ത്രി എന്തോ പറഞ്ഞു, അത് കഴിഞ്ഞ് വൈകുന്നേരം അത്താഴം കൊടുക്കാൻവേണ്ടി ഇവരെക്കൂടി വിളിച്ചു. ഇത് ഈ സ്റ്റേറ്റിനോട് കാണിക്കുന്ന അനീതിയല്ലേ. അങ്ങ് ഒരു മന്ത്രിയെന്ന നിലയിൽ അവിടെ പോകുമ്പോൾ എം.പി.മാരെ കൂടി വിളിച്ച് അവരെക്കൂടി സഹകരിപ്പി ച്ചുകൊണ്ട് ഈ വിഷയം പറയാൻ പോകണ്ടേ, നാളികേരവികസന ബോർഡു മായിട്ട് മന്ത്രിയുടെ ബന്ധമെന്താണ്? നാളികേര വികസന ബോർഡുമായിട്ട് വളരെ മോശമായ ബന്ധമാണ് മന്ത്രി പുലർത്തുന്നതിനെക്കുറിച്ച് 26-11-99-ലെ പത്രങ്ങളിൽ റിപ്പോർട്ട് വന്നിട്ടുണ്ട്. നാളീകേര വികസന ബോർഡ് വഴിയാണ് നമുക്ക് ഈ പണം കിട്ടേണ്ടത്. കഴിഞ്ഞ വർഷം അനുവദിച്ച പണം തന്നെ ചെലവാക്കിയതിനെക്കുറിച്ച് ഇപ്പോഴും നാളികേര വികസന ബോർഡിന് ആക്ഷേപം ഉണ്ട്. നമ്മൾ എന്ത് ആവശ്യപ്പെട്ടാലും അത് കേന്ദ്രഗവൺമെന്റ് തരുമ്പോൾ നാളികേര വികസന ബോർഡു വഴിയേ തരൂ. അവരെ വിശ്വാസ ത്തിലെടുക്കാതെ പോയാൽ ഇങ്ങനെ പോകും. നൂറ് കോടി രൂപയെന്നു പറഞ്ഞല്ലോ, ശ്രീ. എ.സി.ജോസിൽ നിന്നല്ല, മറ്റ് എം.പി.മാരുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും അവർ ഇതുതന്നെയാണ് പറഞ്ഞത്. ഇത്തരത്തിലുള്ള കലാമിറ്റിയെ നേരിടാൻ ഈ ഡിപ്പാർട്ടുമെന്റ് 40 കോടി രൂപയാണ് നടപ്പു വർഷത്തിൽ നീക്കിയിട്ടുള്ളത് നമ്മുടെ ആവശ്യം 100 കോടി രൂപയാണ്. ഇത് കിട്ടണമെങ്കിൽ എല്ലാവരുടേയും യോജിച്ച ഒരു സമ്മർദം അക്കാര്യത്തിൽ ആവശ്യമുണ്ട്. അത് നേടിയെടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ? വളരെ ഗൗരവമായ ഒരു വിഷയംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഈ രോഗം നിയന്ത്രിക്കാൻ ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് എന്താണ്? ഇത് വളരെയേറെ ഭയാശങ്ക രാജ്യത്ത് ഉണ്ടാക്കിയിരിക്കുന്നു. ഇതിനുപയോഗിക്കുന്ന ജൈവ കീടനാശിനി ഏറ്റവും ഫലപ്രദമാണ് എന്ന് 24-11-99-ൽ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങയുടെ സ്റ്റേറ്റ്മെന്റ് ഇതിനകത്തുണ്ട്. ഞാൻ അത് വായിച്ച് സമയം കളയുന്നില്ല. ജൈവ കീടനാശിനികൊണ്ട് ഞങ്ങൾ ഇതിനെ നേരിടാൻ ഉദ്ദേശിക്കുന്നു എന്ന് കൃഷിവകുപ്പു മന്ത്രി, പൊതുമരാമത്ത് വകുപ്പുമന്ത്രി പി.ജെ. ജോസഫിന്റെ ഒരു സ്റ്റേറ്റ്മെന്റ് ഞാൻ വായിച്ചു. മിത്രകീടങ്ങളെ വികസിപ്പിച്ചെടുത്തു വേണം ഈ മണ്ഡരിയെ നേരിടാൻ. ഈ കെമിക്കൽസ് തളിച്ച് നമ്മുടെ രാജ്യത്തെ വിഷമയമാക്കരുത്. ജൈവ കീടനാശിനി ഡെവലപ്പ് ചെയ്തു കഴിഞ്ഞിരിക്കുന്നു എന്ന് പൊതുമാരാമത്തുവകുപ്പ് മന്ത്രി തന്നെയാണ് പറഞ്ഞത്. സോപ്പും വെളുത്തുള്ളിയും, വേപ്പെണ്ണയും ചേർന്ന ലായനി ഉപയോഗിച്ച് ഇത് നിയന്ത്രിക്കാൻ കഴിയും എന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ എന്താണ് വന്നിരിക്കുന്നത്? ഇപ്പോൾ വന്നിരിക്കുന്നത് നമ്മുടെ രാജ്യത്ത് ഉപയോഗിക്കാൻ നിർദ്ദേശം കൊടുത്തിരിക്കുന്ന രാസവസ്തു ഹിൽഫോൾ ഡൈക്കോഫോൾ എന്നു പറയുന്ന രണ്ടു വിഷദ്രാവകങ്ങളാണ്. മണ്ഡരിയെന്ന രോഗം നമുക്ക് ശാസ്ത്രീയമായിട്ടു നിയന്ത്രിക്കണം. നമ്മുടെ സമ്പദ്ഘടനയെ മുഴുവൻ തകർത്തു കൃഷിക്കാരെ മുഴുവൻ തകർത്തു, റബ്ബർ നശിച്ചു, അതിന് വിലയില്ല, അതിന് വല്ലാത്ത ദുഃസ്ഥിതി നേരിട്ടിരിക്കുകയാണ്. ഇക്കൂട്ടത്തിൽ തെങ്ങും കൂടി നശിച്ചാൽ കേരളം ശ്മശാനമാകും. കാർഷിക രംഗത്ത് കേരളത്തിന് മുന്നോട്ടു പോകാൻ സാധിക്കുകയില്ല. പാലക്കാട് ജില്ലയിൽ പുതുപരിയാരം, കാഞ്ഞിരപ്പുഴ എന്നീ രണ്ടു പഞ്ചായത്തുകളിൽ ജൈവകീടനാശിനി തളിച്ച് അവിടെ ഈ രോഗം നിയന്ത്രിച്ചിരിക്കുന്നു. ഈ രണ്ടു പഞ്ചായത്തുകളും ഭരിക്കുന്ന രാഷ്ട്രീയകക്ഷികൾ ആരാണെന്ന് എനിക്ക് അറിഞ്ഞുകൂടാ, പാലക്കാടുള്ള എം.എൽ.എ. മാർക്ക് അറിയാമായിരിക്കും. ഹിൽഫോളും, ഡൈക്കോഫോളും നിരോധിക്കപ്പെട്ട രാസവസ്തുക്കളാണെന്നാണ് റിപ്പോർട്ട്. ഇത് ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞാൽ ദീർഘകാലം പ്രകൃതിയിൽ നശിക്കാതെ കിടക്കുന്ന രാസവസ്തുവാണ്. തെങ്ങിന്റെ ഓരോ കുലയിലും നന്നായി നനയത്തക്ക വിധത്തിലാണ് ഈ മരുന്ന് സ്പ്രേ ചെയ്യേണ്ടത്. മരുന്ന് തളിച്ചുകഴിഞ്ഞാൽ മൂന്ന് ആഴ്ചയോളം കരിക്ക് വെട്ടി ഉപയോഗിക്കരുതെന്നും, തെങ്ങുകൾക്ക് താഴെയുള്ള കിണറുകൾ, കുളങ്ങൾ എന്നിവ മൂടി സുക്ഷിക്കണമെന്നും മരുന്ന് തളിക്കുന്നവർ മുഖംമൂടി ധരിക്കണമെന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. നിങ്ങൾ കൊടുത്തിരിക്കുന്ന നിർദ്ദേശമാണ്. തെങ്ങിന്റെ മുകളിൽ ഇത് സ്പ്രേ ചെയ്യുമ്പോൾ ഇതിന്റെ വിഷകണികകൾ അന്തരീക്ഷത്തിൽ കലരുന്നു. കീടനാശിനി ഹാനികരമാണോയെന്ന് ശാസ്ത്രീയമായിട്ട് പഠിക്കണം. ഗർഭസ്ഥശിശുക്കളെപോലും ഇത് ബാധിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നു. ടെക്നിക്കലായിട്ട് ഇത് ശരിയാണോയെന്ന് നിങ്ങൾ പരിശോധിക്കണം. കാൻസർ രോഗത്തിനും കാരണമാകുന്നു എന്ന് മറ്റൊരു പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നു. അമേക്കരിയിലും യൂറോപ്പിലും പത്തു വർഷം മുൻപ് നിരോധിച്ച ഈ മരുന്ന് എന്തിനുവേണ്ടിയാണ് ഇവിടെ കൊണ്ടു വന്നി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നത്. മന്ത്രി ആദ്യം പറഞ്ഞല്ലോ. 'എണ്ണ ലോബിയുടെ' 'ബോംബെ ലോബി' യുടെ, ഇനി ഇതിന്റെ പുറകിൽ വല്ല ബോംബെ ലോബിയുണ്ടോ, അതോ അമേരിക്കൻ ലോബിയാണോ, ഇത് അറിയാൻ നമുക്ക് എല്ലാപേർക്കും ആഗ്രഹമുണ്ട്. ഞാൻ നിറുത്തുകയാണ്, മന്ത്രി പറഞ്ഞ ഒരു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ, 'മണ്ഡരിയെ ചൊല്ലി ആരും യോഗം ചേരേണ്ടതില്ല, ഇത് പൂർണ്ണമായും തുടച്ചുമാറ്റാൻ കൃഷി വകുപ്പിന് കഴിയും' എന്ന് 27-11-99-ലെ മന്ത്രിയുടെ പ്രഖ്യാപനത്തിൽ പറയുന്നു. അതുപോലെതന്നെ 17-11-99-ൽ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും കത്തെഴുതി. അതിന്റെ പകർപ്പാണ് ഇത്. ഇതിൽ പറഞ്ഞിരിക്കുന്നു. പതിമൂന്നര കോടി രൂപ കൃഷി വകുപ്പു മാത്രമായിട്ട് ഈ പരിപാടികൾക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ടെന്ന്. 27-11-99-ൽ പ്രതിപക്ഷ നേതാവിന് എഴുതിയ കത്തിൽ പറഞ്ഞിരിക്കുന്നത് പതിനാറര കോടി ഉറുപ്പിക ഇതിനകം നൽകി കഴിഞ്ഞുവെന്നാണ്. അന്നത്തെ പത്രത്തിൽ തന്നെ മന്ത്രി പറഞ്ഞു. പതിനാറര കോടി ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ടെന്നാണ്. ഇതിൽ ഏതാണ് ശരി. അതുപോലെതന്നെ : 2-12-1999-ലെ മന്ത്രിസഭാ യോഗത്തിൽ പറയുന്നു 39 കോടി രൂപ മാറ്റിവച്ചു എന്ന്. ഇതിൽ ഏതാണ് ശരി. കൃഷിവകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതനുസരിച്ച് 69 കോടി ഉറപ്പിക ഇതിനകം മാറ്റിവച്ചു എന്നാണ്. ശരിയാണോ? ഇത് ഈ സഭയ്ക്ക് അറിയണം. നമ്മുടെ സംസ്ഥാനം ഇന്ന് വളരെ ഗുരുതരമായ അവസ്ഥയിൽ എത്തിയിരിക്കുകയാണ്. ഈ മന്ത്രിയെ മണ്ഡരി ബാധിച്ചോ, അതോ മണ്ഡരിയെ മന്ത്രി ബാധിച്ചോ' കേരളത്തിലെ കൃഷിക്കാരുടെ സംശയം അവിടം വരെ എത്തിയിരിക്കുകയാണ്. കേരളത്തിന്റെ സമ്പദ്ഘടനയാകെ താറുമാറായിരിക്കുന്നു. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ എന്റെ ഒരു സുഹൃത്താണ്. എനിക്ക് അദ്ദേഹത്തോട് വിരോധമൊന്നുമില്ല. എനിക്ക് അദ്ദേഹത്തോടുള്ള ഒരഭ്യർത്ഥന, അങ്ങ് ഈ പ്രസ്താവനകൾ നിറുത്തി പ്രവൃത്തിയിലേയ്ക്ക് കടന്ന് കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരെ രക്ഷിക്കാൻ തയ്യാറാകണം എന്നാണ്. ഈ മണ്ഡരിയെന്ന മഹാമാരി നമ്മുടെ രാജ്യത്തുണ്ടാക്കിയിരിക്കുന്ന ഭയാനകമായ വിപത്തിനെ നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ശ്രീ. ടി.എം. ജേക്കബ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്ക് മറുപടി പറയുന്നതിന് എനിക്ക് അല്പം സമയം തരണം. ആദ്യമായിട്ട് മണ്ഡരി പ്രശ്നം റിപ്പോർട്ട്ചെയ്തത് മലയാള മനോരമ പത്രത്തിലാണ്. 'ഒരു അജ്ഞാത രോഗം തെങ്ങുകളെ പിടികൂടിയിരിക്കുന്നു' എന്ന മലയാള മനോരമയിലെ വാർത്തയുടെ അടിസ്ഥാനത്തിൽ നിയമസഭയിൽ ആ പ്രശ്നം ഉന്നയിച്ചത് ശ്രീ. കെ.പി. രാജേന്ദ്രനാണ്. പത്രത്തിൽ കണ്ട വാർത്തയുടെ അടിസ്ഥാനത്തിലാണ് അത് ഉന്നയിച്ചത്. മണ്ഡരി ബാധിച്ച തെങ്ങുകളെ തിരിച്ചറിയണമെങ്കിൽ അതിന്റെ കൊഴിഞ്ഞ മച്ചിങ്ങകൾ കാണണം. എന്നാൽ മാത്രമേ തെങ്ങിനെ മണ്ഡരി ബാധിച്ചിട്ടുണ്ടോയെന്ന് തിരിച്ചറിയാൻ കഴിയൂ. അല്ലാതെ ഒരു തെങ്ങിനെ മണ്ഡരി ബാധിച്ചിട്ടുണ്ടോയെന്ന് അറിയാൻ കഴിയില്ല. നാളീകേരം പറിക്കാൻ കയറുന്ന തൊഴിലാളികൾ വ്യക്തമായി പരിശോധിച്ചാലേ ഇത് ഇറിയാൻ കഴിയൂ. അതാണ് പ്രധാന പ്രശ്നം. ഇത് അറിഞ്ഞ ഉടനെ തന്നെ 1998 മാർച്ച് മാസം 2-ാം തീയതി ഡർബാർ ഹാളിൽ വച്ച് ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനുവേണ്ടി ഒരു യോഗം വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തു. ഞാനും ശ്രീ. ടി.എം. ജേക്കബും, ശ്രീ. കെ. ബാബുവും, ശ്രീ. ഡൊമിനിക് പ്രസന്റേഷനും, കാർഷിക സർവ്വകലാശാലയിലേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ സയന്റിസ്റ്റുകളും എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കർഷകസംഘടനാ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഇതിന്റെ എല്ലാവശങ്ങളെക്കുറിച്ചും ചർച്ചചെയ്തു. കേരളത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെയൊരു രോഗബാധ കാണുന്നത്. ഏത് രീതിയിലാണ് വ്യാപിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഒന്നും ആ ചർച്ചയിൽ കാർഷിക സർവ്വകലാശാലയ്ക്കോ തോട്ടവിള ഗവേഷണകേന്ദ്രത്തിലെ സയന്റിസ്റ്റുകൾക്കോ അപ്പോൾ പറയാൻ കഴിയുമായിരുന്നില്ല. ഇത് ഏഷ്യയിൽ ആദ്യമായിട്ട് കാണുകയാണ്. ഇത് കണ്ട ഉടനേ പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ ഗവൺമെന്റിന് ആഗ്രഹമുണ്ട്. പക്ഷേ, ഇതിനാവശ്യമായ ശുപാർശകൾ തരേണ്ടത് കാർഷിക സർവ്വകലാശാലയും, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമാണ്. അത് ആരുടേയും കീഴിലുള്ളതല്ല. സർവ്വതന്ത്രസ്വതന്ത്രമായിട്ട് പ്രവർത്തിക്കുന്ന ഗവേഷണ ഏജൻസികളാണ്. അതുകഴിഞ്ഞ് മാർച്ച് മാസം 6-ാം തീയതി ഇത് ബാധിച്ചു എന്ന് പറയുന്ന പ്രദേശങ്ങളിൽ കൃഷിക്കാരുടേയും കർഷകസംഘടനകളുടേയും ജനപ്രതിനിധികളുടേയുംകൂടി യോഗം വിളിച്ചുകൂട്ടി. അവിടെയും ശാസ്ത്രജ്ഞന്മാർ പങ്കെടുത്തു. അവിടെ ഇതിനെസംബന്ധിച്ച് വളരെ വിശദമായ ചർച്ചകൾക്കുശേഷം ചില നടപടികൾ സ്വീകരിച്ചു. 374 ഹെക്ടർ സ്ഥലത്താണ് എറണാകുളം ജില്ലയിൽ ആമ്പല്ലൂർ തുടങ്ങിയ പ്രദേശത്ത് മണ്ഡരി ബാധിച്ച തെങ്ങുകൾ കാണപ്പെട്ടത്. 70462 തെങ്ങുകൾക്കാണ് രോഗബാധയുണ്ടായിരുന്നത്. ആ തെങ്ങുകൾക്ക് മുഴുവൻ കാർഷിക സർവ്വകലാശാലയും തോട്ടവിള ഗവേഷണ കേന്ദ്രവും നിർദ്ദേശിച്ച മണ്ഡരി നാശിനി തളിച്ചു. 7 ലക്ഷത്തിലധികം രൂപ ഗവൺമെന്റിന് ചെലവായി. അതിനുശേഷമാണ് അവരുടെ ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഒരു നിശ്ചിത സമയം കഴിഞ്ഞതിനുശേഷം മരുന്ന് തളിച്ച തെങ്ങിൽ നിന്നുള്ള മച്ചിങ്ങ കൊണ്ടുപോയി ഗവേഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തി. അവർ നിർദ്ദേശിക്കുന്നത് അനുസരിച്ചല്ലേ പ്രവർത്തിക്കാൻ കഴിയൂ. എറണാകുളം ജില്ലയിൽ ഇത് ബാധിച്ചിട്ടുള്ള പ്രദേശത്ത് പ്രതിരോധിക്കാൻ ആവശ്യമായ ശക്തമായ എല്ലാ നടപടികളും സ്വീകരിച്ചിരുന്നു. അതിനുശേഷമാണ് തൃശ്ശൂർ ജില്ലയിൽ കാണുന്നതായി പറഞ്ഞത്. അറിഞ്ഞ ഉടനേതന്നെ എം.എൽ.എ. മാരടക്കമുള്ളവരേയും കാർഷിക സർവ്വകലാശാലയിലേയും തോട്ടവിള ഗവേഷണ കേന്ദ്രത്തിലേയും സയന്റിസ്റ്റുകളെ വിളിച്ചുകൂട്ടി ചർച്ച ചെയ്തിരുന്നു. ഈ രണ്ട് ഗവേഷണ ഏജൻസികളും ഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശങ്ങൾ ഏകകണ്ഠമായിരുന്നു. ഒരു രാസകീടനാശിനിയുടേയും ഒരു ജൈവ കീടനാശിനിയുടേയും പേരുകളാണ് നിർദ്ദേശിച്ചത്. ഗവൺമെന്റ് അതിനുവേണ്ടി ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. അതിൽ ഈ രണ്ട് ഗവേഷണ ഏജൻസികളുടേയും സയന്റിസ്റ്റുകളും കേന്ദ്ര കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിന്റെ ഡയറക്ടറും ഉണ്ടായിരുന്നു. കൃഷി വകുപ്പ് സെക്രട്ടറിയും ഡയറക്ടറും എല്ലാം അടങ്ങുന്നതാണ് ഈ ടെക്നിക്കൽ കമ്മിറ്റി. ആ കമ്മിറ്റി അത് പരിശോധിച്ചതിനുശേഷം കാർഷിക സർവ്വകലാശാലയുടേയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റേയും ഏകകണ്ഠമായ ശുപാർശ അംഗീകരിക്കുകയാണ് ചെയ്തത്. ഒന്ന്, ജൈവ കീടനാശിനിയാണ്. അത് വേപ്പെണ്ണയും വെളുത്തുള്ളിയും അലക്ക് സോപ്പും ചേർന്ന ലായനിയാണ്. രണ്ടാമത്തേത് ഹിൽഫോൾ എന്ന് പറയുന്ന ഒരു രാസകീടനാശിനിയാണ്. ഡൈക്കൊഫോൾ എന്ന കെമിക്കൽ നെയിമിൽ അറി

LIBRARY ARCHIVES Kerala Legislative Assembly

യുന്ന ഹിൽഫോൾ ആണ്. കളമശ്ശേരിയിലെ ഇൻഡ്യാ ഗവൺമെന്റിന്റെ ഒരു പൊതുമേഖലാസ്ഥാപനമാണ് അത് ഉല്പാദിപ്പിക്കുന്നത്. അത് ഇപ്പോഴും മൂന്നാർ, ദേവികുളം പ്രദേശങ്ങളിലെ തേയിലയ്ക്ക് തളിച്ചുകൊണ്ടിരിക്കുന്നതാണ്. ഒരിടത്തും നിരോധിക്കപ്പെട്ടിട്ടില്ല. ഒരു ഹെക്ടർ നെൽക്കൃഷിക്ക് മുഞ്ഞ ബാധിക്കുമ്പോൾ ആ മുഞ്ഞയ്ക്ക് എതിരായിട്ട് കീടനാശിനി ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നത്തിന്റെ ആയിരത്തിലൊന്ന് പരിസ്ഥിതി പ്രശ്നം മാത്രമേ ഇതുകൊണ്ട് ഉണ്ടാകൂ എന്നാണ് കാർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും ഗവണ്മെന്റിന് നൽകിയിട്ടുള്ള ശുപാർശയിൽ പറയുന്നത്. ഗവൺമെന്റിന് സ്വീകരിക്കേണ്ടത് ഈ ഗവേഷണ എജൻസികളുടെ ശുപാർശയാണ്. അവരാണ് ഗവൺമെന്റിനെ ഉപദേശിക്കേണ്ടത്. പല വസ്തുതകളും അന്വേഷിക്കേണ്ടതാണ്. അവർ പറഞ്ഞത് ഒരു ഹെക്ടർ സ്ഥലത്ത് ഏത്തവാഴ വയ്ക്കുമ്പോൾ കൂമ്പ് അടയ്ക്കാതിരിക്കാൻവേണ്ടി ഫ്യൂറിഡാൻ ഉപയോഗിക്കുന്നുണ്ടെന്നാണ്. ഫ്യൂറിഡാൻ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതിപ്രശ്നത്തിന്റെ ആയിരത്തിലൊന്ന് പരിസ്ഥിതി പ്രശ്നം മാത്രമേ ഹിൽഫോൾ ഉപയോഗിച്ചാൽ ഉണ്ടാകുന്നുള്ളൂ. പഴവർഗ്ഗ ചെടികളിലുണ്ടാകുന്ന മണ്ഡരിയുടെ ആക്രമണത്തെ തടയാൻവേണ്ടി ഇത് ഇപ്പോഴും തെക്കേ അമേരിക്കൻ നാടുകളിൽ ഉപയോഗിക്കുന്നുണ്ട്. ഒരു പൊതുമേഖലാസ്ഥാപനത്തിന്റെ ഉല്പന്നമാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഉല്പാദിപ്പിക്കുന്നതാണ്. കേരളത്തിൽ അതിന് ഏജൻസിയില്ല. സഹകരണ സംഘങ്ങൾ നേരിട്ട് വാങ്ങി കേരസംരക്ഷണസമിതികൾക്ക് കൊടുക്കുകയാണ്. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ രണ്ട് കീടനാശിനികളും ഉപയോഗിക്കാൻ നമ്മുടെ ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചു. അതാണ് പ്രായോഗികമാക്കിയത്. അതിനുശേഷം ഒന്നാംഘട്ടത്തിൽ 27 ലക്ഷം തെങ്ങുകൾക്ക് മണ്ഡരി നാശിനി തളിച്ചു. ശ്രീ. ടി.എം. ജേക്കബിന്റെ എറണാകുളം ജില്ലയിൽ 1-ാം ഘട്ടത്തിൽ 9 ലക്ഷത്തിലധികം തെങ്ങുകൾക്ക് മണ്ഡരി നാശിനി തളിച്ചു. തളിച്ച തെങ്ങുകളിൽ വിജയകരമായിട്ട് അത് പ്രതിരോധിക്കാൻ കഴിഞ്ഞുവെന്നുള്ളത് രണ്ടാംവട്ടം യോഗംചേർന്നപ്പോൾ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് അടക്കം, ഡോ. എം.എ. കുട്ടപ്പൻ, ശ്രീ. കെ. ബാബു, ശ്രീ. കെ. മുഹമ്മദാലി, ശ്രീ. ഡൊമനിക് പ്രസന്റേഷൻ, ഇവരൊക്ക എറണാകുളത്തെ രണ്ടാമത്തെ റിവ്യൂ യോഗത്തിൽ പങ്കെടുത്തതാണ്. അവിടെവച്ച് ഞങ്ങൾ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിച്ചു. ഒന്നാംഘട്ടത്തിൽ തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലായി 27 ലക്ഷം തെങ്ങുകൾക്ക് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി. അതിന്റെ അനുഭവം കാർഷിക സർവകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രവും വിലയിരുത്തി. ഇത് കുറേക്കൂടി സംഘടിതമായിട്ട് പോകണമെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടു. അങ്ങനെയാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുമായിട്ട് കൂട്ടായിട്ട് ഞങ്ങൾ ആലോചിച്ചത്. അങ്ങനെ മണ്ഡരി നാശിനി തളിക്കാനുള്ള ചുമതല ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും കോർപ്പറേഷനുകളേയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള നടപടിയുണ്ടായത്. അതിന്റെ അടിസ്ഥാനത്തിൽ സംഘടിതമായിട്ട് ആണ് ഇപ്പോൾ മണ്ഡരിനാശിനി തളിച്ചുകൊണ്ടിരിക്കുന്നത്. അവിടെവച്ച് തീരുമാനിച്ചത് മണ്ഡരിനാശിനിക്ക് വരുന്ന ചെലവിന്റെ 3 രൂപയും, കൂലി കൊടുത്ത് തളിക്കേണ്ടവരികയാണെങ്കിൽ കൂലി ചെവല് 3 രൂപയും കൃഷിവകുപ്പ്കൊടുക്കും. 3 രൂപ ഗ്രാമ പഞ്ചായത്ത് കൊടുക്കും. അങ്ങനെയാണ് 9 രൂപ. ഗ്രാമ പഞ്ചായത്തിന് വരുന്ന ചെലവിലേക്ക് ജില്ലാ പഞ്ചായത്തുകൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്ക് പഞ്ചായത്തുകൾക്കും സഹായിക്കാൻ അധികാരമുണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിനെ മാറ്റാനായിട്ടുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. അങ്ങനെ മാറ്റുമ്പോൾ രേഖാമൂലം ഡി.പി.സി. കളെ അറിയിച്ചിരിക്കണമെന്ന് മാത്രമേയുള്ളു. ഗ്രാമപഞ്ചായത്തുകൾക്ക് അതുപോലെതന്നെ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഈ രംഗത്ത് വളരെ സംഘടിതമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്താനായിട്ട് കഴിയുന്ന രീതിയിലാണ് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ഉത്തരവ് കൊടുത്തിരിക്കുന്നത്. കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിലെ ഗവൺമെന്റ് ഏജൻസികളിലെ സയന്റിസ്റ്റുകൾ, കൃഷി വകുപ്പുദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, കർഷകസംഘടനാപ്രതിനിധികൾ, തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച യോഗത്തിൽവച്ച് ഇക്കാര്യത്തെക്കുറിച്ച് വിശദമായി ചർച്ചചെയ്തു. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് 800-ലധികം ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയുമൊക്കെ നേതൃത്വത്തിൽ മണ്ഡരിരോഗത്തെ നേരിടുന്നതിനാവശ്യമായ മരുന്ന് തളിച്ചുകൊണ്ടിരിക്കുകയാണ്. 800-ലധികം ഗ്രാമപഞ്ചായത്തുകളിൽ ഇത് നടപ്പാക്കിവരികയാണ്. ഇതിനുവേണ്ടി കൃഷിവകുപ്പ് 16.5 കോടി രൂപയാണ് കൊടുത്തത്. എന്നാൽ ആ സംഖ്യ പോരായെന്ന് പല സ്ഥലങ്ങളിൽനിന്നും നിർദ്ദേശമുണ്ടായി. അപ്പോൾ ആ നിർദ്ദേശമനുസരിച്ചു കൂടുതൽ സംഖ്യകൊടുത്തു. അങ്ങനെ 18 കോടിരൂപ അതിനായി കൊടുത്തു കഴിഞ്ഞിട്ടുണ്ട്. കൃഷിവകുപ്പ് 18 കോടിരൂപ കൊടുക്കുമ്പോൾ ഗ്രാമപഞ്ചായത്ത് 9 കോടിരൂപ കൂടി എടുക്കണം. അങ്ങനെ 27 കോടി രൂപ ഈ രംഗത്തെ പ്രവർത്തനത്തിനുവേണ്ടി ഇപ്പോൾ ചെലവഴിച്ചു ഇതിനുള്ള പ്രവർത്തനങ്ങൾ വിജയകരമായിട്ടുള്ള നിലയിൽ നടത്തി വരികയാണ്. ഡോക്ടർ സ്വാമിനാഥൻ കേരളത്തിൽ വന്നു. അദ്ദേഹമാണ് ലോകത്തു മുഴുവൻ അറിയപ്പെടുന്ന പ്രഗൽഭനായിട്ടുള്ള കൃഷിശാസ്ത്രജ്ഞൻ. അദ്ദേഹവുമായിട്ട് ഞങ്ങൾ ഇക്കാര്യത്തെക്കുറിച്ചു ആശയവിനിമയം നടത്തി. കാർഷിക സർവ്വകലാശാലയുടെയും കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിന്റെയും ശുപാർശകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഗവൺമെന്റ് അതനുസരിച്ച് എടുക്കുന്ന നടപടികളെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം ആ നടപടികളെ അഭിനന്ദിക്കുകയാണ് ചെയ്തത്. ഒന്നാംഘട്ടത്തിൽ ഇതല്ലാതെ മറ്റുനടപടികളില്ല. അതുതന്നെയാണ് ബഹുമാന്യനായ വിദ്യാഭ്യാസവകുപ്പുമന്ത്രിയും ഇവിടെ പറഞ്ഞത്. ഒന്നാംഘട്ടത്തിൽ ഇതുമാത്രമേ നടപടിയായിട്ടുള്ളൂ. രണ്ടാംഘട്ടത്തിൽ ഇതിനെ പ്രതിരോധിക്കാൻ കഴിയുന്ന രീതിയിലുള്ള മിത്രകീടങ്ങളെ വികസിപ്പിച്ചെടുക്കുന്നു. ആ നിർദ്ദേശമാണ് ഡോ. സ്വാമിനാഥൻ മുന്നോട്ടുവച്ചത്. അത് ഗവൺമെന്റ് സ്വീകരിച്ചു. അത് സ്വീകരിച്ചു എന്നുമാത്രമല്ല അതിന്റെ ഗവേഷണപ്രവർത്തങ്ങൾ ഈ രണ്ടു ഏജൻസികളും നടത്തിവരുന്നു. കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം ഈച്ച വർഗ്ഗത്തിൽപ്പെട്ട ഒരു ജീവിയെ കണ്ടെത്തിക്കഴിഞ്ഞു. എതിർപ്രാണിയായിട്ട് അതിനെ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഗവേഷണ പ്രവർത്തങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഈ ഗവേഷണപ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനുവേണ്ടിയിട്ട് കാർഷികസർവ്വകലാശാലയുടെ വൈസ് ചാൻസിലർ, ചെയർമാനായിട്ട് ബന്ധപ്പെട്ട ശാസ്ത്രജ്ഞൻമാരുടെ ഒരു സമിതിയെക്കൂടി ഗവൺമെന്റ് രൂപീകരിച്ചു. ഈ ഗവേഷണപ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകാനും

LIBRARY ARCHIVES Kerala Legislative Assembly

എതിർപ്രാണികളെ വികസിപ്പിച്ചെടുത്ത് രോഗപ്രതിരോധത്തിന്റെ രണ്ടാംഘട്ടത്തിന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി വിജയകരമായിട്ട് നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായിട്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. ആ പ്രവർത്തനങ്ങൾ യാതൊരുവിധ തടസ്സവുംകൂടാതെ മുന്നോട്ടുകൊണ്ടുപോകുക തന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരുസംശയത്തിനും വകയില്ല. ഗവൺമെന്റ് വളരെ ഉറച്ചനിലപാടുമായി ഇക്കാര്യത്തിൽ മുന്നോട്ടുപോകുകയാണ്. അതുകൊണ്ട് ഇതേക്കുറിച്ച് നമ്മുടെ നാട്ടിലെ ജനങ്ങൾക്കോ കൃഷിക്കാർക്കോ യാതൊരുവിധ ആശങ്കയും വേണ്ട. ഇത് വളരെ സംഘടിതമായി എല്ലാവരുടെയും സഹായസഹകരണത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എന്റെ അഭ്യർത്ഥന. ഗവൺമെന്റ് ഇക്കാര്യത്തിൽ എല്ലാവരുടെയും സഹായവും സഹകരണവും അഭ്യർത്ഥിച്ചിട്ടുമുണ്ട്. എന്നുമാത്രമല്ല, 21 കർഷകസംഘങ്ങളുടെ ഒരുയോഗം ഗവൺമെന്റ് വിളിച്ചുചേർത്തു. ശ്രീമാൻ ടി.എം. ജേക്കബിന്റെ പാർട്ടിയുടെ കർഷകസംഘടനയുടെ പ്രസിഡന്റും സെക്രട്ടറിയും അടക്കം ആ യോഗത്തിൽ പങ്കെടുത്തിരുന്നു. 23 സംഘടനകളുടെ പ്രതിനിധികൾ ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഇക്കഴിഞ്ഞ നവംബർമാസം 9-ാംതീയതിയായിരുന്നു ആ യോഗം സംഘടിപ്പിച്ചിരുന്നത്. അന്നത്തെ യോഗത്തിൽവച്ച് ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്തു. കർഷകസംഘടനകളുടെ നിർദ്ദേശങ്ങൾക്കൂടി സ്വീകരിച്ചതിനുശേഷമാണ് ഇതിന്റെ പ്രവർത്തനങ്ങൾ വിജയകരമാക്കുന്നതിനുവേണ്ടി മുന്നോട്ടുപോയത്. പഞ്ചായത്തുതോറും ഇത് മോണിട്ടർ ചെയ്യുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തു പ്രസിഡന്റ്, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ എന്നിവർ അദ്ധ്യക്ഷൻമാരായിട്ടുള്ള കമ്മിറ്റികളുണ്ടാക്കിയിട്ടുണ്ട്. ഡി.പി.സി. യുടെ സബ്കമ്മിറ്റി പ്രതിമാസം അതിന്റെ പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യുന്നുണ്ട്. അങ്ങനെ എല്ലാതലത്തിലും പരിശോധിച്ച് ഒരു വലിയ കൂട്ടായ്മയോടെയാണ് അതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ മണ്ഡരി രോഗപ്രതിരോധപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് 10 കോടി രൂപയുടെ കൂടി ആവശ്യമുണ്ടെന്ന് ക്യാബിനറ്റിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ളവരുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്തു. ഇവിടെയും ചർച്ച ചെയ്തു. അങ്ങനെ പത്തുകോടി രൂപ കൂടി ക്യാബിനറ്റ് ഇതിനുവേണ്ടി അധികമായി അനുവദിക്കാൻ തീരുമാനിച്ചു. ഇതാണ് അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് എനിക്ക് പറയാനുള്ളത്. കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തികസഹായം ഇതിനായി ആവശ്യപ്പെട്ടുകൊണ്ട് ഒക്ടോബർമാസം 28-ാം തീയതി ബഹുമാന്യനായ മുഖ്യമന്ത്രി നമ്മുടെ പ്രധാനമന്ത്രിക്ക് നിവേദനം നല്കി. ആ നിവേദനത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രി ആവശ്യപ്പെട്ടത് മണ്ഡരിരോഗ പ്രതിരോധനത്തിനായി ചെലവഴിക്കുന്ന തുകയുടെ 50% കേന്ദ്രഗവൺമെന്റ് പ്രത്യേകസഹായമായി കേരളത്തിന് തരണമെന്നാണ്. അതിനുശേഷം കർഷകസംഘടനകളുടെ സംസ്ഥാനതല നേതാക്കൻമാരുടെ യോഗം 100 കോടി രൂപ കേന്ദ്രത്തിൽനിന്നും ധനസഹായമായി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്, ഒരു പ്രമേയം അംഗീകരിച്ചു. അത് നവംബർമാസം 9-ാം തീയതി തന്നെ അന്നത്തെ കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രിക്ക് നല്കി. അതിനുശേഷമാണ് നവംബർമാസം 26-ാം തീയതി 195 കോടിരൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കുകയും ആ പ്രോജക്ടിൽ മണ്ഡരി നിരോധന പ്രവർത്തനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് നൂറുകോടി രൂപയുടെ സമ്പത്തികസഹായം കേരളത്തിന് പ്രത്യേകമായി അനുവദിക്കണമെന്നാവശ്യപ്പെട്ടത്. അത് നവംബർമാസം 26-ാം

LIBRARY ARCHIVES Kerala Legislative Assembly

തീയതി കേന്ദ്ര കൃഷിവകുപ്പുമന്ത്രിക്ക് തന്നെ നേരിട്ട് കൊടുത്തു. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്യേണ്ടതായ കാര്യങ്ങളെല്ലാംതന്നെ കൃത്യമായി ചെയ്തിട്ടുണ്ട്. കേന്ദ്ര കൃഷിവകുപ്പുമന്ത്രിയെക്കാണാൻ ഞങ്ങൾ ഡൽഹിയിൽ ചെന്നപ്പോൾ കാർഷിക സർവ്വകലാശാലയുടെ വൈസ്-ചെയർമാനും എ.പി.സി.യും കൃഷിവകുപ്പു സെക്രട്ടറിയും ഉണ്ടായിരുന്നു. പ്രതീക്ഷിച്ചിരിക്കാത്ത സമയത്ത് വളരെ പെട്ടെന്നാണ് കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും അദ്ദേഹത്തെ കാണാനുള്ള സമയം തന്നത്. രാവിലെ പത്തരമണിയോടുകൂടി ഇക്കാര്യം ചർച്ചചെയ്യാമെന്ന് പറഞ്ഞുകൊണ്ടുള്ള സന്ദേശം കേരളാ ഹൗസിലാണ് എത്തിയത്. മെസേജ് കിട്ടിയതനുസരിച്ച് ഞങ്ങൾ കൃഷിവകുപ്പുമന്ത്രിയുടെ ഓഫീസിലേക്ക് ചെല്ലുമ്പോൾ അവിടെ അദ്ദേഹവും കേന്ദ്രകൃഷിവകുപ്പിന്റെ അഡീഷണൽ സെക്രട്ടറിയും ഇൻഡ്യൻ കാർഷികവിസനകേന്ദ്രത്തിന്റെ ഡയറക്ടർ ജനറലും മറ്റ് ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ വളരെ വിശദമായി ഇക്കാര്യം ചർച്ചചെയ്തു. ചർച്ചയ്ക്ക് സമയം നന്നത് വളരെ ഒപ്പട്ടെന്നായിരുന്നതുകൊണ്ടാണ് എം.പി.മാരെക്കൂടി ആ യോഗത്തിൽ പങ്കെടുപ്പിക്കാൻ ക്ഷണിക്കാൻകഴിയാതെ പോയത്. അല്ലാതെ അവരെക്കൂടി കൊണ്ടുപോകാനുള്ള വൈമുഖ്യംകൊണ്ടൊന്നുമല്ല. അന്ന് പാർലമെന്റിൽ എന്തോ പ്രശ്നമുണ്ടായതുകൊണ്ട് സഭ നിർത്തിവച്ചിരുന്നതുകൊണ്ടാണ് മണ്ഡരി രോഗത്തെക്കുറിച്ചു കേന്ദ്രകൃഷി വകുപ്പുമന്ത്രിയുമായിട്ട് ചർച്ച ചെയ്യുന്നതിനുള്ള അവസരം ലഭിച്ചത്. എന്തായാലും ചർച്ചചെയ്ത സമയത്ത് മണ്ഡരി രോഗബാധയെക്കുറിച്ച് വേണ്ടവണ്ണം കാര്യങ്ങൾ ധരിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കൃത്യമായി അതേക്കുറിച്ചുള്ള വിവരങ്ങൾ മന്ത്രിയെക്കണ്ട് ധരിപ്പിച്ചിട്ടുണ്ട്. നിവേദനം നല്കിയിട്ടുമുണ്ട്. ശ്രീ. ടി.എം. ജേക്കബ് ഇവിടെ പറഞ്ഞ കേന്ദ്ര കൃഷിവകുപ്പു മന്ത്രിയുടെ സ്റ്റേറ്റുമെന്റ് എന്റെ പക്കലുണ്ട്. രാജ്യസഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി നവംബർമാസം അവസാനത്തിൽ 195 കോടി രൂപയുടെ പ്രോജക്ട് കേരളാ ഗവൺമെന്റ് സമർപ്പിച്ചിരുന്നു എന്ന് കേന്ദ്ര കൃഷിവകുപ്പ് സഹമന്ത്രി കഴിഞ്ഞദിവസം പറഞ്ഞിട്ടുണ്ട്. ഞാൻ ആ സ്റ്റേറ്റുമെന്റ് വേണമെങ്കിൽ ശ്രീ. ജേക്കബിന് തരാം. അതുമാത്രമല്ല 2-ാം തീയതി ഫാക്സ് അയച്ചു എന്നു പറയുന്നതെങ്ങിനെയാണ്? രാജ്യസഭയിലെ നമ്മുടെ രണ്ടംഗങ്ങൾ ശ്രീ. സി.ഒ.പൗലോസ് മാസ്റ്ററും ശ്രീ. ജെ. ചിത്തരഞ്ജനും രാജ്യസഭയിൽ മണ്ഡരി രോഗത്തെക്കുറിച്ച് രണ്ടു ചോദ്യങ്ങൾ ചോദിച്ചു. മണ്ഡരിരോഗത്തെക്കുറിച്ചുള്ള ആ ചോദ്യത്തിനുള്ള ഉത്തരം തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിശദാംശങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്ന് കേരളാ ഗവൺമെന്റിനോട് ചോദിച്ചു. ആ സമയത്ത് കേരളാ ഗവൺമെൻറ് അതിന്റെ വിശദാംശങ്ങൾ ഫാക്സ് വഴി അവരെ അറിയിച്ചു, അത്രയേയുള്ളൂ. അതാണ് എനിക്ക് ഫാക്സ് അയച്ചതിനെക്കുറിച്ച് പറയാനുള്ളത്. ഇവിടെ ശ്രീ. ജേക്കബ് മണ്ഡരി പ്രതിരോധത്തെക്കുറിച്ച് പറഞ്ഞപ്പോൾ hil fole നെക്കുറിച്ചാണ് പറഞ്ഞത്. ഇപ്പോൾ വളരെ സംഘടിതമായിട്ട് എല്ലായിടത്തും മണ്ഡരി രോഗബാധയ്ക്കെതിരെ പ്രതിരോധപ്രവർത്തനങ്ങൾ വളരെ വിജയകരമായി നടന്നുവരികയാണ്. ചിലയിടത്ത് ഹിൽ ഫോൾ ഉപയോഗിക്കുന്നുണ്ട്. ചിലയിടങ്ങളിൽ ഉപയോഗിക്കുന്നത് വേപ്പെണ്ണയാണ്. എന്താണെന്നുവച്ചാൽ അത് തെരഞ്ഞെടുക്കാനുള്ള എല്ലാ അധികാരവകാശങ്ങളും വാർഡുതോറുമുള്ള കമ്മിറ്റികൾക്കാണ്. ഏത് വേണമെന്ന് അവരുടെ ഇഷ്ടത്തിനനുസരിച്ച് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഏത് ഉപയോഗിച്ചാലും 3 രൂപവച്ച് ഗവൺമെന്റ് കൊടുക്കുന്നുണ്ട്. അതുകൊണ്ട് അനാവശ്യമായിട്ടുള്ള പ്രചരണങ്ങൾ ഇക്കാ

LIBRARY ARCHIVES Kerala Legislative Assembly

ര്യത്തിൽ നല്ലതല്ല എന്നാണെനിക്ക് പറയാനുള്ളത് കാരണം ഇവിടെ വെളിച്ചെ ണ്ണയുടെ ഉൽപ്പാദനവും കുറഞ്ഞിരിക്കുന്നു എന്നാണ് പറയുന്നത്. ഇവിടെ ശ്രീ. ജേക്കബ് പറഞ്ഞത് നാളികേരത്തിന്റെയും ഉൽപ്പാദനം കുറഞ്ഞിരിക്കുന്നു എന്നാണ്. അത് ശരിയല്ല. കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിച്ചിരിക്കുന്നു എന്ന് ശ്രീമാൻ ജേക്കബിനോട് ഞാൻ പറയുന്നു. കഴിഞ്ഞ മൂന്നുവർഷങ്ങളായിട്ട് ഈ ഗവൺമെന്റിന്റെ നിരന്തരമായിട്ടുള്ള ശ്രമത്തിന്റെ ഫലമായി നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കേരളത്തിൽ വർദ്ധിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ വ്യാപ്തിയും കേരളത്തിൽ വർദ്ധിച്ചിട്ടുണ്ട്. ഇത് സത്യ മായ കാര്യമാണ്. ഇതാണ് എനിക്ക് ഇതിനെക്കുറിച്ച് അറിയിക്കാനുള്ളത് ഇവിടെ ഉൽപ്പാദനത്തെക്കുറിച്ചും ഉൽപ്പാദനക്ഷമതയെക്കുറിച്ചും പറഞ്ഞതി ലൊന്നും യാതൊരു കഴമ്പുമില്ല. ജനങ്ങൾക്ക് ഇതേക്കുറിച്ച് യാതൊരു ഭീതി യുടെയും ആവശ്യമില്ല. കർഷകർ നല്ലതുപോലെ പ്രതിരോധ നടപടികളുമാ യിട്ട് സഹകരിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ കൂടി സഹകരണവും സഹായവും ആവശ്യമാണെന്ന് ഞാൻ ഈ അവസര ത്തിൽ പ്രതിപക്ഷത്തോട് വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. മണ്ഡരി രോഗപ്രതിരോധ നടപടികളുമായി ഗവൺമെന്റ് മുൻപോട്ടുപോവുകയണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഒരു ചോദ്യംകൂടി ചോദിക്കാനുണ്ട്.

<u>മി. സ്പീക്കർ</u> : എല്ലാം അദ്ദേഹം വിശദീകരിച്ചുകഴിഞ്ഞു. ഇനി ചോദ്യോത്തരമൊന്നും വേണ്ട. ഇപ്പോൾത്തന്നെ ഇതിനായിട്ട് പത്തുനാല്പത് മിനിട്ടോളമെടുത്തു. മണ്ഡരി രോഗത്തെക്കുറിച്ചുള്ള വിഷയമായതുകൊ ണ്ടാണ് ഇത് അനുവദിച്ചത്. എന്നാൽ മണ്ഡരി നിയമസഭയേയും ബാധിക്കു മെന്ന് ഇപ്പോഴാണ് മനസ്സിലായത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ഇത് ശ്രദ്ധക്ഷണിക്കലായതുകൊണ്ട് ഒരു ചോദ്യത്തിനുകൂടി അവകാശമുണ്ട്.

<u>മി. സ്പീക്കർ</u> : യേസ്, എന്തായാലും ഒരു ചോദ്യത്തിനുള്ള മറുപടി കൂടി പറഞ്ഞുകൊണ്ട് നമുക്ക് ഇത് അവസാനിപ്പിക്കാം. ശരി, ശ്രീ. ജേക്കബിന് ചോദ്യമുന്നയിക്കാം.

<u>ശ്രീ. ടി.എം. ജേക്കബ്</u> : ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ 10 കോടി രൂപ ക്യാബിനറ്റ് അനുവദിച്ചുവെന്ന് പറഞ്ഞു. അപ്പോൾ ആകെ എത്ര കോടി രൂപ അനുവദിച്ചു; കേന്ദ്രത്തിൽനിന്ന് നമുക്ക് എത്ര കോടി രൂപ കിട്ടി?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : 18 കോടി രൂപ ഗവൺമെന്റ് ഇതി നകം കേരളത്തിൽ വിവിധ ജില്ലകളിലേയ്ക്ക് അലോട്ട് ചെയ്തുകഴിഞ്ഞു. ആറുകോടി രൂപ വീതമായിട്ടാണ് ജില്ലകൾക്ക് ഈ 18 കോടി രൂപ കൊടുത്ത ത്. ഇതിന്റെ ഭാഗമായിട്ട് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പ റേഷനുകളും 9 കോടി രൂപ എടുക്കണം. അപ്പോൾ 27 കോടി രൂപ ഈ പ്രവർത്തനങ്ങൾക്കുവേണ്ടി ഇതിനകം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. അതിനുപുറമെയാണ് 10 കോടി രൂപകൂടെ അനുവദിച്ചത്. ആ സംഖ്യ വിത രണം ചെയ്യണമെങ്കിൽ ചില നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് സാമ്പത്തിക വർഷം അവസാനമാണ് 96 ലക്ഷം രൂപ തന്നത്. സാമ്പത്തികവർഷം അവ സാനം തന്നാൽ ആ പണം എങ്ങനെയാണ് വിനിയോഗിക്കുക എന്നുള്ളത് എന്നേക്കാൾ ശ്രീ. ടി.എം. ജേക്കബിന് അറിയാം. അതുകൊണ്ട് ആ വർഷം അത് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഈ വർഷം അത് ഉപയോഗിക്കാൻ അനു

LIBRARY ARCHIVES Kerala Legislative Assembly

മതി വാങ്ങിച്ചു, ഉപയോഗിച്ചു. ഉപയോഗിച്ചശേഷം അവരെ കൃത്യമായിട്ട് അറിയിക്കുകയും ചെയ്തു.

മി. സ്പീക്കർ : റൂൾ 304 പ്രകാരമുള്ള സബ്മിഷൻ എടുക്കുന്നതിന് മുമ്പ് ഒരു കാര്യം പറയാനുണ്ട്. ഇത്തവണ ആകെ 12 ദിവസക്കാലത്തെ സമ്മേളനമാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ഷോർട്ട് സെഷനാണ്. അതുതന്നെ ഇനി ചുരുങ്ങാനാണ് സാദ്ധ്യത. അതുകൊണ്ട് സബ്മിഷൻ ഒരംഗത്തിന് ഒന്നു പോലും ലഭിക്കാൻ സാദ്ധ്യത കുറവാണ്. അത് മനസ്സിൽവച്ചു കൊണ്ട് പ്രധാനപ്പെട്ട ഒരെണ്ണം എഴുതിത്തന്ന് ഇവിടെ ഉന്നയിക്കുന്നതായിരിക്കും ഏറ്റവും നല്ലതെന്നാണ് ചെയറിന് പറയാനുള്ളത്.

VI. സബ്മിഷൻ

(1) പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ പ്രൊമോഷനിലെ സംവരണത്തിനെതിരെയുള്ള സുപ്രീംകോടതി വിധി

ഡോ. എം.എ. കുട്ടപ്പൻ : സർ, കേരളത്തിലെയും ഇൻഡ്യാമഹാരാജ്യത്തിലെയും പട്ടികവിഭാഗ സമുദായങ്ങളെ ആശങ്കാകുലരാക്കിയിരിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയം മുഖ്യമന്ത്രിയുടെയും സഭയുടെയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. 1996-ൽ സുപ്രീംകോടതിയിൽ വളരെ പ്രധാനപ്പെട്ട രണ്ട് വിധികളുണ്ടായി. ആ വിധിയുടെ അടിസ്ഥാനത്തിൽ സുപ്രീംകോടതി പറയുന്നത് കേന്ദ്രഗവണ്മെന്റ് സർവ്വീസിൽ പട്ടികവിഭാഗക്കാർക്ക് നിലവിലുള്ള പ്രൊമോഷൻ സംവരണം പാടില്ലെന്നാണ്. ആ വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെന്റ് നിലവിലുണ്ടായിരുന്ന പ്രൊമോഷനിലെ സംവരണം പിൻവലിച്ചുകൊണ്ട് ഉത്തരവ് ഇറക്കിക്കഴിഞ്ഞിരിക്കുന്നു. R.K. Safarwall Vs. State of Punjab and J.C. Mallik Vs. Ministry of Railways, ഈ രണ്ട് കേസ്സുകളിലെ വിധികളിലാണ് പട്ടികവിഭാഗക്കാർക്ക് ദോഷമായ വിധിയുണ്ടായത്. പ്രൊമോഷനിലെ സംവരണം മാത്രമല്ല എടുത്തുകളഞ്ഞത്. രണ്ടാമതായി നിലവിലുണ്ടായിരുന്ന roster –ൽ ഉദ്യോഗ സംവരണക്രമത്തിൽ ആകെ മാറ്റം വരുത്തിയിരിക്കുന്നു. നിലവിലുണ്ടായിരുന്ന vacancy based roster system എടുത്തുകളഞ്ഞ് ആ സ്ഥാനത്ത് Post based roster ഏർപ്പെടുത്തിയിരിക്കുന്നു. ഈ മൂന്നുകൂട്ടം കാര്യങ്ങൾ സംബന്ധിച്ച് ഇപ്പോൾത്തന്നെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഉത്തരവ് പുറപ്പെടുവിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിനുപുറമെയാണ് എം.ഡി. എം.എസ്. എം.ടെക് പോലുള്ള സൂപ്പർ സ്പെഷ്യാലിറ്റികളിൽ സംവരണം പാടില്ലെന്ന് പറഞ്ഞ് സുപ്രീംകോടതി വിധിച്ചിരിക്കുന്നതും അതിനെ സംബന്ധിച്ച് അധികം താമസിക്കാതെ തന്നെ കേന്ദ്രഗവണ്മെന്റ് ഉത്തരവിറക്കുകയും ചെയ്യും. ഇങ്ങനെ വലിയൊരു കുഴപ്പം പട്ടികജാതിക്കാർക്ക് ഉണ്ടായിരിക്കുന്നു. അതിന് പരിഹാരം കാണാൻ വേണ്ടി സംസ്ഥാനഗവണ്മെന്റ് കേന്ദ്രത്തോട് ആവശ്യപ്പെടണമെന്ന് പറയാൻവേണ്ടിയാണ് എന്റെ ഈ സബ്മിഷൻ. സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നത് പ്രൊമോഷന് സംവരണം പാടില്ലെന്നാണ്. പട്ടികജാതിക്കാരും അല്ലാത്തവരും പ്രൊമോഷനുവേണ്ടി ക്വാളിഫൈയിംഗ് എക്സാമിനേഷൻ എഴുതുമ്പോൾ പട്ടികജാതിക്കാർക്ക് അഞ്ച് മാർക്കിന്റെ ഇളവ് ഉണ്ടായിരുന്നു. ലെസ്സർ മാർക്ക് മതിയായിരുന്നു. അത് എടുത്തുകളഞ്ഞു. രണ്ടാമത് പട്ടികജാതിക്കാരെയും അല്ലാത്തവരെയും പ്രൊമോഷനുവേണ്ടി ഇവാല്യൂവേറ്റ് ചെയ്യുമ്പോൾ പട്ടികജാതി ഉദ്യോഗസ്ഥന്മാർക്ക് ലെസ്സർ സ്റ്റാന്റേർഡ് മതിയായിരുന്നു. ഇതുവരെ സെപ്പറേറ്റ് സ്റ്റാന്റേർഡാണ് ഉണ്ടായിരുന്നത്. ആ സെപ്പറേറ്റ് സ്റ്റേന്റേർഡ്

LIBRARY ARCHIVES Kerala Legislative Assembly